മാർ തന്നെ മുൻകൈയെടുത്തു രൂപീകരിച്ചിരിക്കുന്ന ഡവലപ്പ്മെൻറ് കമ്മിറ്റികളോ തയ്യാറാവുകയാണെങ്കിൽ അവിടെ പുതിയ പത്തു ബസ്സുകൾ വീതം കൊടുക്കുന്നതാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: കെ. എസ്. ആർ. ടി. സി. ക്ക് ഓർഡിനറി ബസ്സുകളാണ് നഷ്ടമുണ്ടാക്കുന്നതെന്നും അതുകൊണ്ട് ഓർഡിനറി ബസ്സുകൾ നിർത്തലാക്കാൻ പോവുകയാണെന്നും മനോരമ പത്രത്തിൽ പ്രാധാന്യത്തോടുകൂടി ഒരു റിപ്പോർട്ടുണ്ടായിരുന്നു. ഓർഡിനറി ബസ്സുകൾ നിർത്തലാക്കാനുള്ള നയപരമായ തീരുമാനം എടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ സമ്പൂർണ്ണ ദേശവൽക്കൃത റൂട്ടുകളിൽ ഓർഡിനറി ബസ്റൂട്ടിനു പകരം എന്തു സംവിധാനമാണ് ഏർപ്പെടുത്താൻ പോകുന്നത്?

ശ്രീ. പി. കെ. വേലായുധൻ: ചില പ്രചരണമാദ്ധ്യമങ്ങൾ നമ്മൾ എന്തെങ്കിലുമൊന്നു പറയുമ്പോൾ, കാള പെറ്റെന്നു കേട്ടാൽ കയറെടുക്കുന്നതുപോലെയാണ് റിപ്പോർട്ട് ചെയ്യുന്നത്. ഞാൻ ഉദ്ദേശിച്ചതും സൂചിപ്പിച്ചതും അറുപതും അറുപത്തഞ്ചും സഹകാര്യബസ്സുകൾ സർവ്വീസ് നടത്തുന്ന സ്ഥലങ്ങളിൽ ഒരേയൊരു കെ. എസ്. ആർ. ടി. സി. ബസ് അവയ്ക്കിടയിൽ സർവ്വീസ് നടത്തുന്നത് പ്രായോഗികമല്ലാത്തതുകൊണ്ട് അത് പിൻവലിക്കുന്നതിനാണ്. പിൻവലിക്കുമ്പോൾ റിസർവേഷൻ നോക്കേണ്ടതുണ്ട്. തപാലുകൾ കൊണ്ടുപോകുന്ന വണ്ടികളും കുട്ടികളെകൊണ്ടുപോകുന്ന വണ്ടികളും പത്രക്കെട്ടുകൾ കൊണ്ടുപോകുന്ന വണ്ടികളും പിൻവലിക്കേണ്ട എന്ന് തീരുമാനിച്ചിട്ടുണ്ട്. ഏതായാലും ഇത് ഇതുവരെ നടപ്പിലാക്കിയിട്ടില്ല. പരിശോധിക്കുവാനും അന്വേഷിച്ച് റിപ്പോർട്ട് തരുവാനുമാണ് കെ. എസ്. ആർ. ടി. സി. യോട് ആവശ്യപ്പെട്ടിട്ടുള്ളത്. ആ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്കുമാത്രമേ നടപടികൾ സ്വീകരിക്കുകയുള്ളൂ.

ശ്രീ. ഇ. ജെ. ലൂക്കോസ്: സർ, പുതിയ ബസ്സുകൾ വാങ്ങിയാൽ മാത്രമേ പുതിയ ഷെഡ്യൂളുകൾ പൂർണ്ണമായി നടപ്പിലാക്കാൻ സാധിക്കുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതുപോലെ പുതിയ ബസ് സ്റ്റേഷനും സബ് ഡിപ്പോയും അനുവദിക്കുന്നില്ലെന്നും സൂചിപ്പിച്ചു. ഇരുപത്തയ്യായിരം രൂപ വരെ സെൻറിനു വിലയുള്ള ഏറ്റുമാനൂരിൽ രണ്ടരയേക്കർ സ്ഥലം നൽകിയതാണ്. അവിടെ വണ്ടികൾ കയറിയിറക്കാനുള്ള സൗകര്യത്തിനുവേണ്ടിയെങ്കിലും റോഡുകൾ മെറ്റൽചെയ്തു, ടാർ ചെയ്തു സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: ആറു മാസത്തിനുള്ളിൽ അസാദ്ധ്യമായ ഒരു നിർദ്ദേശമാണിത്. ആറു മാസത്തിനുശേഷം ഇത് പരിഗണിക്കാം.

പുതിയ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ

* 187 [218] ശ്രീ. എം. കെ. കേശവൻ:
,, പി. കുമാരൻ:
ഡോക്ടർ എ. സുബ്ബറാവു:
ശ്രീ. കെ. ഇ. ഇസ്മയിൽ:
,, കെ. വി. സുരേന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം സംസ്ഥാനത്ത് പുതിയ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ ആരംഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ അനുവദിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്ത്?

തൊഴിൽവകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ): (എ) ഇല്ല.

(ബി) കേന്ദ്ര ഗവൺമെൻറ് നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡ പ്രകാരം റവന്യൂജില്ലാ തലസ്ഥാനങ്ങളിൽ ജില്ലാ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളും 25,000 വരുന്ന ജനസംഖ്യയോ 10,000 വരുന്ന ലേബർ ഫോഴ്സോ ഉള്ള മുനിസിപ്പൽ ടൗണുകളിൽ ടൗൺ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളും സ്ഥാപിക്കാവുന്നതാണ്.

ശ്രീ. എം. കെ. കേശവൻ: സർ, എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ സ്ഥാപിക്കുന്നതിന് ഓരോ താലൂക്കിലെയും ഉദ്യോഗാർത്ഥികളടക്കമുള്ളയാളുകൾ പേര് രജിസ്റ്റർ ചെയ്യുന്നതിനെ സംബന്ധിച്ച് ഒരു രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇവിടത്തെ ചോദ്യം എവിടെയൊക്കെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ സ്ഥാപിച്ചുവെന്നാണ്. അതിനു മറുപടി പറഞ്ഞില്ല.

ശ്രീ. കെ. ശിവദാസൻ: കഴിഞ്ഞവർഷം സംസ്ഥാനത്ത് പുതിയ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ ആരംഭിച്ചിട്ടുണ്ടോയെന്ന് ചോദിച്ചു, ഇല്ലായെന്ന് മറുപടി പറയുകയും ചെയ്തു.

ശ്രീ. എം. കെ. കേശവൻ: ഓരോ താലൂക്കിലും ഇത്ര ഉദ്യോഗാർത്ഥികളോ മറ്റുള്ള ആളുകളോ പേര് രജിസ്റ്റർ ചെയ്യണമെന്നുള്ള വ്യവസ്ഥ ഡിപ്പാർട്ടുമെൻറ് സ്വീകരിച്ചിട്ടുണ്ടെന്നേ പറഞ്ഞില്ല. എഴുപത്താറായിരത്തോളം ആളുകൾ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള പ്രദേശമാണ് വൈക്കം. ഞാൻ മനസ്സിലാക്കുന്നത്, എഴുപത്താറായിരത്തോളം ആളുകൾ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ആ പ്രദേശവും അൻപത്തിനാലായിരത്തോളം ആളുകൾ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള പെരിന്തൽമണ്ണയും മാറ്റി വച്ചിട്ട് പത്തൊൻപതിനായിരം ആളുകൾ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തിരുവല്ലയിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് തുടങ്ങാൻ തീരുമാനിച്ചതായിട്ടാണ്. അതിനെക്കുറിച്ച് എന്താണ് പറയാൻ കഴിയുന്നത്?

ശ്രീ. കെ. ശിവദാസൻ: കഴിഞ്ഞ വർഷം ഒരെണ്ണം അനുവദിച്ചത് ഈ രണ്ട് സ്ഥലത്തുമല്ല; കൊയിലാണ്ടിയിലാണ്. ഇത് തുടങ്ങുന്നതിന് ഭരണാനുമതിക്കുവേണ്ടി ലേബർ ഡിപ്പാർട്ടുമെൻറിൽ നിന്നും ഇതിന് അംഗീകാരം കൊടുക്കും, പിന്നീട് ഫിനാൻസ് ഡിപ്പാർട്ടുമെൻറിൽ കൊടുക്കും, പിന്നെ സ്റ്റാഫ് വരും, പണമുണ്ടാകും എന്നിട്ട് അനുവദിക്കും. അങ്ങനെ അനുമതിക്ക് പോയിട്ടുള്ള രണ്ട് എക്സ്ചേഞ്ചുകളിൽ ഒരെണ്ണം കൊയിലാണ്ടിയിലാണ്. മറ്റൊന്ന് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച തിരുവല്ലായുമാണ്. കേന്ദ്ര ഗവൺമെൻറ് നിർദ്ദേശിച്ച ജനസംഖ്യയും പിന്നോക്കാവസ്ഥയും കണക്കിലെടുത്തും മുമ്പവിടെ എത്രയെണ്ണം കൊടുത്തിട്ടുണ്ടെന്നുള്ളത് കണക്കിലെടുത്തുകൊണ്ടുമാണ് അനുവദിക്കുന്നത്.

ശ്രീ. എം. കെ. കേശവൻ: അങ്ങനെയാണെങ്കിൽ കേന്ദ്ര ഗവൺമെൻറ് നിർദ്ദേശിച്ച ജനസംഖ്യയും പിന്നോക്കാവസ്ഥയും കണക്കിലെടുത്ത് കോട്ടയം ജില്ലയിൽനിന്നു 46 കി. മീ. അകലെയുള്ള വൈക്കം കേന്ദ്രമാക്കി ഒരു എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് തുടങ്ങാനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ: വൈക്കത്തും ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തുടങ്ങുന്നതിനുള്ള യോഗ്യതയുണ്ട്. സാമ്പത്തിക റീസോഴ്സിന്റെ പരിമിതിവച്ചുകൊണ്ട് രണ്ടെണ്ണം അനുവദിച്ചുവെന്നേയുള്ളൂ. അടുത്തതായി അനുവദിക്കുമ്പോൾ തീർച്ചയായും വൈക്കത്ത് ഒരെണ്ണം ലഭിക്കാനുള്ള അവകാശമുണ്ട്.

ശ്രീ. പി. കുമാരൻ: സർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ പേര് രജിസ്റ്റർ ചെയ്യുന്ന ലിസ്റ്റിൽ സീനിയോറിറ്റി ഓവർലുക്ക് ചെയ്യുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ശിവദാസൻ: സീനിയോറിട്ടി ഓവർലുക്ക് ചെയ്ത് അഡ്വൈസ് ചെയ്യുന്നതായിട്ട് ചിലപ്പോൾ പരാതി കിട്ടാറുണ്ട്. അങ്ങനെയുള്ളവരുടെ പേരിൽ നടപടിയെടുത്തു വരുന്നുണ്ട്.

ശ്രീ. പി. കുമാരൻ: സീനിയോറിട്ടി ലിസ്റ്റും അവസാങ്ങളും കാണിക്കുന്ന ലിസ്റ്റുകൾ രജിസ്റ്റർ ചെയ്തിട്ടുള്ള ആളുകളെ കാണിക്കുന്നവിധത്തിൽ വല്ല പരസ്യവും ചെയ്യാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. ശിവദാസൻ: സീനിയോറിറ്റി ലിസ്റ്റ് എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും മുൻകൂട്ടിതന്നെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അത് പരിശോധിച്ചിട്ടാണ് ആളുകൾ പരാതികൾ അയ്ക്കുന്നത്. പരാതി ലഭിക്കുന്നതിനെല്ലാം അപ്പോൾത്തന്നെ നടപടികൾ എടുക്കുകയും ചെയ്യുന്നുണ്ട്.

ശ്രീ. കെ. ഇ. ഇസ്മയിൽ: സർ, കഴിഞ്ഞവർഷം പുതിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോയെന്നു ചോദിച്ചപ്പോൾ ഇല്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞു. എന്നാൽ തിരുവല്ലയിലും കൊയിലാണ്ടിയിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കാനാവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയാകുന്നുവെന്നാണ് പറഞ്ഞത്. നമ്മുടെ സംസ്ഥാനത്ത് ജനസംഖ്യയുടെ അടിസ്ഥാനത്തിലും പിന്നോക്ക പ്രദേശമെന്നുള്ള നിലയിലും മറ്റേതെങ്കിലും പ്രദേശങ്ങളിൽ ഇതുപോലെ പുതിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആരംഭിക്കണമെന്ന നിർദ്ദേശമുണ്ടായിട്ടുണ്ടോ; അതിന്റെയടിസ്ഥാനത്തിൽ വല്ല പരിശോധനയോ പരിഗണനയോ ഉണ്ടായിട്ടുണ്ടോ?

ശ്രീ. കെ. ശിവദാസൻ: 1985–86 സാമ്പത്തിക വർഷത്തിൽ പത്തനംതിട്ട ജില്ലയിലെ തിരുവല്ല, കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, കൊല്ലം ജില്ലയിലെ കൊട്ടാരക്കര, മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ, കോട്ടയം ജില്ലയിലെ വൈക്കം, തൃശ്ശൂർ ജില്ലയിലെ ചാവക്കാട്, കൊടുങ്ങല്ലൂർ, എറണാകുളം ജില്ലയിലെ നോർത്ത് പറവൂർ, പാലക്കാട് ജില്ലയിലെ ഷൊർണൂർ, കാസർകോട് ജില്ലയിലെ ഹോസ്ദുർഗ് എന്നിവിടങ്ങളിലാണ് പുതിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തുടങ്ങാൻ വേണ്ടി എംപ്ലോയ്മെന്റ് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നത്. അതിൽനിന്ന് രണ്ടെണ്ണം സാമ്പത്തിക സ്ഥിതിയും മറ്റ് മാനദണ്ഡവും നോക്കി തെരഞ്ഞെടുത്തതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഇ. ഇസ്മയിൽ: എല്ലാ ജില്ലകളിലെയും പിന്നോക്കാവസ്ഥയും ജനസംഖ്യാപരമായ കിടപ്പും പരിശോധിച്ച് പുതിയ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ തുടങ്ങണമെന്ന നിർദ്ദേശം നിലവിലിരിക്കെ ഈ രണ്ട് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മാത്രം ആരംഭിക്കാനുള്ള പരിശ്രമത്തിന്റെ ഉദ്ദേശമെന്താണ്; അതുപോലെ പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ കേന്ദ്രമായി ഒരു എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് വേണമെന്ന് അവിടത്തെ ജനങ്ങൾ ദീർഘകാലമായി ആവശ്യപ്പെടുകയാണ്. ആ ആവശ്യം പരിഗണിച്ചുകൊണ്ട് അടിയന്തിരമായി ഷൊർണ്ണൂരിൽ ഒരു എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് തുടങ്ങാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ശിവദാസൻ: ഇതെല്ലാം ആരംഭിക്കേണ്ട എക്സ്ചേഞ്ചുകളാണ്. സാമ്പത്തിക പരിമിതികൊണ്ടാണ് ലിമിറ്റ് ചെയ്യുന്നത്. അടുത്ത ലിസ്റ്റു വരുമ്പോൾ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഷൊർണ്ണൂരും വൈക്കവും അതിൽ ഉൾപ്പെടുത്താവുന്നതാണ്.

ശ്രീ. എ.സി. ജോസ്: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, ഇരുപത്തയ്യായിരത്തോളം ജനസംഖ്യയും പതിനായിരത്തോളം ലേബർഫോഴ്സുമുള്ള പട്ടണങ്ങളിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ തുടങ്ങാനാണ് കേന്ദ്രഗവൺമെൻറിന്റെ നിർദ്ദേശമെന്ന്. കേരളത്തിൽ ഇത്തരത്തിലുള്ള എത്ര പട്ടണങ്ങളിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ തുടങ്ങി, അല്ലെങ്കിൽ ഇല്ലാത്തതിൽ തുടങ്ങാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ശിവദാസൻ: ടൗൺ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളുടെ കാര്യത്തിൽ കേന്ദ്രഗവൺമെൻറിന്റെ നിർദ്ദേശം അങ്ങനെയാണെങ്കിലും താലൂക്കുകൾകൂടി കണക്കിലെടുത്താണ് ഇവിടെ പല സ്ഥലങ്ങളിലും അനുവദിച്ചുവരുന്നത്. ടൗൺ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിലും കഴിയുന്നിടത്തോളം ഒരു താലൂക്കോ അല്ലെങ്കിൽ രണ്ട് താലൂക്കോ കേന്ദ്രീകരിച്ചുകൊണ്ടാണ് തുടങ്ങിവരുന്നത്. ആ പ്രിൻസിപ്പിൾ അനുസരിച്ച് തുടർന്നും ലഭ്യമാക്കുന്നതിന് ശ്രമിക്കുന്നതാണ്.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, പട്ടികജാതി—പട്ടിക വർഗ്ഗങ്ങൾക്ക് പ്രത്യേകം എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ ആരംഭിക്കാനുള്ള നടപടികൾ എന്തായിയെന്ന് പറയാമോ?

ശ്രീ. കെ. ശിവദാസൻ: അങ്ങനെയൊരു നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല. അവർക്ക് പ്രത്യേകമായി കോച്ചിങ്ങ് സെൻറും ഗൈഡൻസ് സെൻറും എന്നുള്ള നിർദ്ദേശമാണുള്ളത്. അത് കോഴിക്കോടും എറണാകുളത്തുമായി രണ്ടെണ്ണം സ്ഥാപിച്ചിട്ടുണ്ട്.

ശ്രീ. ഇ. ടി. മുഹമ്മദ്ബഷീർ: സർ, കേരളത്തിനു പുറത്ത് സെറ്റിൽ ചെയ്തിട്ടുള്ള മലയാളികൾക്ക് ആ പ്രദേശങ്ങളിലെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യാനുള്ള അവകാശങ്ങൾ നിഷേധിച്ചിരിക്കുന്നതായിട്ടുള്ള പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അങ്ങനെയുണ്ടെങ്കിൽ അതിന് ഒരു പരിഹാരമുണ്ടാക്കാൻ വല്ല നടപടിയും സ്വീകരിക്കുമോ?

ശ്രീ. കെ. ശിവദാസൻ: അങ്ങനെയൊരു പരാതി ഗവൺമെൻറിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. വന്നാൽ പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. മൂസ്സാൻകുട്ടി: സർ, നമ്മുടെ സംസ്ഥാനത്തെ ഏറ്റവും വലിയ താലൂക്കുകളിലൊന്നാണ് തളിപ്പറമ്പ് താലൂക്ക്. അവിടെ വ്യവസായമേഖലകളിലെ തൊഴിലാളികൾ, തോട്ടംതൊഴിലാളികൾ, കർഷകത്തൊഴിലാളികൾ ഒക്കെയുണ്ട്. ഇതെല്ലാം പരിഗണിച്ച് തളിപ്പറമ്പിലും ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തുടങ്ങാനുള്ള നടപടിയെടുക്കുമോ?

ശ്രീ. കെ. ശിവദാസൻ: മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കൊടുക്കുന്ന നിലയിൽ ഇതും പരിഗണിക്കുന്നതാണ്.,

ശ്രീ. നാലകത്തു സൂപ്പി: സർ, കഴിഞ്ഞ വർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ അനുവദിക്കാൻ ഡിപ്പാർട്ടുമെന്റിൽനിന്ന് റെക്കമെന്റ് ചെയ്ത ലിസ്റ്റിൽ പെരിന്തൽമണ്ണയ്ക്ക് മുൻഗണനയുണ്ടായിരുന്നുവെന്ന് എനിക്ക് അറിയാം. എന്നാൽ എന്തോ തിരിമറി നടത്തി പെരിന്തൽമണ്ണ ഒഴിവാക്കിയ സാഹചര്യം കണക്കാക്കി, അവിടെ ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് അനുവദിക്കാനുള്ള നടപടിയെടുക്കണം. രണ്ടാമത്തെ പ്രയോറിട്ടി പെരിന്തൽമണ്ണയ്ക്കാണ്. അതിനെ ഒഴിവാക്കരുതെന്നാണ് ഗവൺമെന്റിനോട് അപേക്ഷിക്കാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ വ്യക്തമായ ഒരു മറുപടി തരണമെന്ന് ആവശ്യപ്പെടുകയാണ്.

ശ്രീ. കെ. ശിവദാസൻ: പെരിന്തൽമണ്ണയുൾപ്പെടെ ഞാൻ വായിച്ച ലിസ്റ്റിൽപ്പെട്ട എല്ലാ സ്ഥലത്തും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ അനുവദിക്കേണ്ടതാണ്. സാമ്പത്തികമായ ചില പരിമിതികൾകൊണ്ടു മാത്രമാണ് അതിന് താമസം വരുന്നത്. സാമ്പത്തികസഹായം ലഭ്യമാക്കി ഈ സ്ഥലങ്ങളിലെല്ലാം തുടങ്ങാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. വി. സി. കബീർ: സർ, മുൻസിപ്പൽ ആസ്ഥാനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ സ്ഥാപിക്കുമെന്ന് പറഞ്ഞു. അങ്ങനെയാണെങ്കിൽ പാലക്കാട് ജില്ലയിലെ ചിറ്റൂർ മുൻസിപ്പാലിറ്റിയിലും ഷൊർണൂരും എംപ്ലോയ്മെന്റ്എക്സ്ചേഞ്ചുകൾ ആരംഭിക്കുന്നതിന് ശ്രീ. എ. സി. ഷൺമുഖദാസ് മന്ത്രിയായിരുന്ന സമയത്ത് നീക്കങ്ങൾ നടത്തിയിരുന്നു. പ്രയോറിറ്റി ലിസ്റ്റിൽ ഈ രണ്ടു സ്ഥലങ്ങളും ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ഇപ്പോൾ സാമ്പത്തിക ഞെരുക്കം കാരണമാണ് അത് അനുവദിക്കാത്തതെന്നു പറയുന്നു. ഇപ്പോൾ മിച്ച ബഡ്ജറ്റുള്ള സാഹചര്യത്തിൽ തീർച്ചയായും ഷൊർണൂരും ചിറ്റൂരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് അനുവദിക്കുന്ന കാര്യം പരിഗണിക്കാമോ?

ശ്രീ. കെ. ശിവദാസൻ: ഡയറക്ടർ ശുപാർശ ചെയ്തിട്ടുള്ള എല്ലാ സ്ഥലത്തും എത്രയും വേഗം സ്ഥാപിക്കുന്നതിനു ആവശ്യമായ പരിശ്രമം ഗവൺമെന്റ് തുടർന്ന് നടത്തുന്നതാണ്.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഉത്തരം പറഞ്ഞ കൂട്ടത്തിൽ സാമ്പത്തിക പരിമിതികൾ കാരണമാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തുറക്കാനുള്ള അസൗകര്യമെന്ന് ചൂണ്ടിക്കാണിച്ചു. അത് മനസ്സിലാകുന്നില്ല. കൊയ്ലാണ്ടി താലൂക്കിലെ

എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് കൊയ്ലാണ്ടിയിൽ സ്ഥാപിക്കാമെന്നുള്ള കാര്യത്തെ സംബന്ധിച്ച് ഞാൻ അന്വേഷിച്ചപ്പോൾ വാടകയ്ക്കു കെട്ടിടം അസൗകര്യമാണെന്നു പറഞ്ഞു. അത് ഉണ്ടാക്കിക്കൊടുക്കാമെന്ന് ഉറപ്പ് കൊടുത്താൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് തുറക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. ശിവദാസൻ: കൊയ്ലാണ്ടിയെ സംബന്ധിച്ചിടത്തോളം ഉള്ള നടപടികൾ ഏകദേശം പൂർത്തിയായതാണ്. സ്റ്റാഫിന്റെ സാങ്ഷനുവേണ്ടിയുള്ള നടപടികൾ നടക്കുകയാണ്. സ്റ്റാഫ് ഉടൻ തന്നെ ഫിക്സ് ചെയ്തു കിട്ടുന്നതാണ്. അതുകൊണ്ട് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് ഉടൻതന്നെ ആരംഭിക്കും.

ശ്രീ. എസ്. ആർ. തങ്കരാജ്: സർ, എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് സ്ഥാപിക്കുന്നത് ജനസംഖ്യാനുപാതികമായിട്ടാണെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത് ശരിയാണെങ്കിൽ മലയോര പ്രദേശങ്ങൾ ഏറ്റവും കൂടുതൽ ഉൾപ്പെട്ടു കിടക്കുന്ന നെയ്യാറിൻകര താലൂക്കിൽ ഇപ്പോഴും മുൻസിപ്പൽ പ്രദേശത്തു മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. മലയോര പ്രദേശങ്ങളെക്കൂടി കേന്ദ്രമാക്കി ഒരു എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ശിവദാസൻ: സർ, ഇതിന്റെ അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഇതും പരിഗണിക്കാവുന്നതാണ്.

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: സർ, എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള അപേക്ഷകരുടെ പുതുക്കാനുള്ള കാലാവധി വളരെ ചുരുങ്ങിയതു കാരണം പലപ്പോഴും അത് പുതുക്കാൻ കഴിയാതെ ഉദ്യോഗാർത്ഥികൾ വിഷമിക്കാറുണ്ട്. അതുകൊണ്ട് കാലാവധി വർദ്ധിപ്പിച്ച് നീട്ടിക്കൊടുക്കുവാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ശിവദാസൻ: സർ, അങ്ങനെ ഒരു പരാതി വലുതായിട്ട് ആളുകളിൽ നിന്ന് ലഭിച്ചിട്ടില്ല. അങ്ങനെ പരാതി കിട്ടുകയാണെങ്കിൽ അത് പരിശോധിക്കാവുന്നതാണ്.

ശ്രീ. കെ. ടി. കുമാരൻ: സർ, പുതുതായി രൂപീകരിച്ചിട്ടുള്ള കാസർകോട് ജില്ലയിലെ ഹോസ്ദുർഗ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് തുറക്കാൻ വേണ്ടി ശുപാർശ ചെയ്തിട്ടുണ്ടെന്നു പറഞ്ഞു. സാമ്പത്തിക പരാധീനതകൊണ്ടാണ് തുറക്കാൻ കഴിയാത്തതെന്നും പറഞ്ഞു. ഒരു മിച്ച ബഡ്ജറ് അവതരിപ്പിച്ചിരിക്കുന്ന ഈ സംസ്ഥാനത്ത് സാമ്പത്തിക പരാധീനത എന്താണ്? ശ്രീ. കുട്ട്യാലി കെട്ടിടം വാടകയ്ക്കു എടുത്തു കൊടുക്കാമെന്നു പറഞ്ഞു. സ്റ്റാഫിനു ശമ്പളംകൂടി കൊടുക്കുവാൻ തയ്യാറായാൽ ഗവൺമെൻറ് അടിയന്തിരമായി എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് തുറക്കാൻ തയ്യാറാകുമോ?

മി. സ്പീക്കർ: ഇതിന് മറുപടി പറയേണ്ടതില്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ നിന്ന് അയയ്ക്കുന്ന ലിസ്റ്റുകൾ പലപ്പോഴും നിയമനത്തിൽ സംവരണ തത്വം പാലിക്കുവാൻ സഹായകമായ നിലയിലല്ല അയയ്ക്കുന്നതെന്നും തൻമൂലം സംവരണ തത്വം പാലിച്ചു ഡിപ്പാർട്ടുമെൻറ്

LIBRARY ARCHIVES Kerala Legislative Assembly

മേലധികാരിക്ക്. നിയമനം നടത്താൻ കഴിയുന്നില്ല എന്നുമുള്ള കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതുകൊണ്ട് മേലിൽ ലിസ്റ്റ് അയയ്ക്കുമ്പോൾ സംവരണ തത്വം പാലിക്കുന്നതിന് സഹായകമായ നിലയിൽ അവരെക്കൂടി ഉൾപ്പെടുത്തി ലിസ്റ്റ് അയയ്ക്കാൻ വേണ്ട നിർദ്ദേശം എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾക്ക് നൽകുമോ?

ശ്രീ. കെ. ശിവദാസൻ: സർ, എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ നിന്ന് ഉദ്യോഗത്തിന് നിയമിക്കപ്പെടാൻ അർഹതയുള്ള ആളുകളെ അയയ്ക്കാൻ പറഞ്ഞാൽ അവിടെ നിന്ന് അയയ്ക്കുന്നത് സംവരണ തത്വത്തിലെ ലിസ്റ്റ് കൊടുത്തിട്ടാണ്. സംവരണ തത്വത്തിന്റെ അടിസ്ഥാനത്തിൽ, പത്തു പോസ്റ്റ് ഉണ്ടെങ്കിൽ, റിസർവേഷന്റെ ഓരോ കമ്മ്യൂണിറ്റിയിലും ഇത്രയിത്ര പേരെ നിയമിച്ചുകൊള്ളണമെന്ന നിർദ്ദേശത്തോടുകൂടിയേ ലിസ്റ്റ് അയച്ചുകൊടുക്കാറുള്ളൂ.

തോട്ടം തൊഴിലാളികളുടെ മിനിമം വേജസ്

* 188 [219] ശ്രീമതി ഭാർഗ്ഗവീ തങ്കപ്പൻ:
ശ്രീ. കെ. വി. സുരേന്ദ്രനാഥ്:
,, കാനം രാജേന്ദ്രൻ:
,, കെ. ടി. കുമാരൻ:
,, കെ. ടി. കണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികളുടെ മിനിമം വേജസ്സിനെക്കുറിച്ച് സംസ്ഥാന മിനിമംവേജസ് അഡ്വൈസറി ബോർഡിന്റെ ശുപാർശകൾ എന്തെല്ലാമാണ്;

(ബി) ഈ ശുപാർശകളിൽ എന്തെല്ലാം ഇതുവരെ നടപ്പിലാക്കി;

(സി) ബാക്കിയുള്ളവ എന്നത്തേക്ക് നടപ്പിലാക്കുവാൻ കഴിയുമെന്നു വ്യക്തമാക്കുമോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) തോട്ടം തൊഴിലാളികളുടെ കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുന്നതിനുള്ള കരടു വിജ്ഞാപനം മിനിമം വേജസ് അഡ്വൈസറി ബോർഡിന് അയച്ചുകൊടുത്തുവെങ്കിലും തൊഴിലാളികളുടെയും തൊഴിലുടമകളുടെയും പ്രതിനിധികൾക്ക് യോജിച്ച് അഭിപ്രായം രൂപീകരിക്കാൻ കഴിഞ്ഞിട്ടില്ല. എന്നും ആ സാഹചര്യത്തിൽ ബോർഡിന് ശരിയായ ഒരു ശുപാർശ നൽകാൻ കഴിയുകയില്ലെന്നും അറിയിച്ചിട്ടുണ്ട്.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീമതി ഭാർഗ്ഗവീ തങ്കപ്പൻ: സർ, തൊഴിലാളികളുടെയും തൊഴിലുടമകളുടെയും പ്രതിനിധികൾക്ക് യോജിച്ച് ഒരു അഭിപ്രായം രൂപീകരിക്കാൻ സാധിക്കാത്തതുകൊണ്ട് ബോർഡിന് ശരിയായ നിർദ്ദേശം ഗവൺമെൻറിന് അയയ്ക്കാൻ കഴിഞ്ഞില്ലെന്നാണ് ഇവിടെ മറുപടി പറഞ്ഞത്. തൊഴിലുടമകളുടെ അനാവശ്യമായ പിടിവാശി മൂലമല്ലേ ഇങ്ങനെ ഒരഭിപ്രായം രൂപീകരിക്കുവാൻ കഴിയാതെ പോയത്? അത്തരം ഒരു സാഹചര്യത്തിൽ ബോർഡിന് ഒന്നും ചെയ്യാൻ കഴിയുന്നില്ല, ആർക്കും ഒന്നും ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ സർക്കാരിന് ഇതിൽ ഇടപെട്ട് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ കഴിയുമോ?

LIBRARY ARCHIVES Kerala Legislative Assembly